Draft #4 of File 2878/AD AI 2/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 05-Aug-2019 03:43 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 2878/AD AI 2/2018/AD A 1 തീയതി: 05.08.2019

**സർക്കുലർ**

വിഷയം:- സർവ്വകലാശാലയിലെ വിവിധ സെക്ഷനുകളിൽ നിന്നും വാർത്താകുറിപ്പുകൾ പബ്ലിക് റിലേഷൻസ് ഓഫീസിലേക്ക് അയയ്ക്കുന്നത് സംബന്ധിച്ച് - സംബന്ധിച്ച്.

സൂചന :- 25.07.2019-ലെ പബ്ലിക് റിലേഷൻസ് ഓഫീസറുടെ സമർപ്പണം, രജിസ്ട്രാർ (i/c)-ൻറെ ഉത്തരവ് സഹിതം.

സർവ്വകലാശാലാ വാർത്തകളിൽ ഉൾപ്പെടുത്തുന്നതിനായി വിവിധ സെക്ഷനുകളിൽ നിന്ന് വാർത്താകുറിപ്പുകൾ ഡി.ഡി.എഫ്.എസ്. മുഖേന പി.ആർ.ഒ.യുടെയും, പി.ആർ.ഒ. ഓഫീസിലെ വിവിധ ജീവനക്കാരുടെയും ഡി.ഡി.എഫ്.എസ്. അക്കൗണ്ടിലേക്ക് അയയ്ക്കുന്നതായി കാണുന്നു. ജീവനക്കാരിൽ ഒരാൾ അവധിയായാൽ അയാൾക്ക് ലഭിക്കുന്ന പത്രക്കുറിപ്പ് യഥാസമയം നൽകാൻ കഴിയാത്ത സ്ഥിതി ഇതിലൂടെ സംജാതമാകും. കൂടാതെ, വാർത്താക്കുറിപ്പ് സർക്കുലറായി പ്രസിദ്ധീകരിച്ച് പൊതുവായി ഇടുന്നതായും, പലപ്പോഴും പ്രാധാന്യമേറിയ വാർത്താക്കുറിപ്പുകൾ പോലും വൈകുന്നേരം 5 മണിക്ക് ശേഷവും അയയ്ക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ, വിവിധ സെക്ഷനുകളിൽ നിന്നും പത്രക്കുറിപ്പുകൾ പബ്ലിക് റിലേഷൻസ് ഓഫീസിലേക്ക് സമയബന്ധിതമായി നൽകുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് രജിസ്ട്രാർ (i/c) ഉത്തരവായിരിക്കുന്നു.

- വാർത്താകുറിപ്പുകൾ അയയ്ക്കുന്നതിനായി മാത്രം ഡി.ഡി.എഫ്.എസ്.-ൽ PRESS RELEASE എന്ന അക്കൗണ്ട് ക്രിയേറ്റ് ചെയ്തിട്ടുണ്ട്. വാർത്താകുറിപ്പുകൾ പി.ആർ.ഒ.-യുടെയോ, പി.ആർ.ഒ. ഓഫീസിലെ മറ്റ് ജീവനക്കാരുടെയോ ഡി.ഡി.എഫ്.എസ്. അക്കൗണ്ടിലേക്ക് അയയ്ക്കാതെ, മേൽപ്പറഞ്ഞ PRESS RELEASE എന്ന ഡി.ഡി.എഫ്.എസ്. അക്കൗണ്ടിലേക്ക് മാത്രം അയയ്ക്കേണ്ടതാണ്.
- മറ്റു ജില്ലകളിൽ കൂടി സർവ്വകലാശാലാ വാർത്താകുറിപ്പ് വരേണ്ടതിനാൽ ജനറൽ എഡിഷനിൽ നൽകുന്നതിന് എല്ലാ ദിവസവും വൈകിട്ട് 4.30-ന് വാർത്താക്കുറിപ്പ് മാധ്യമങ്ങൾക്ക് നൽകേണ്ടതുണ്ട്. ആയതിനാൽ, അതതുദിവസം വാർത്താക്കുറിപ്പിൽ ഉൾപ്പെടുത്തേണ്ട വാർത്തകൾ വൈകുന്നേരം 3.45-നകം മേൽപ്പറഞ്ഞ ഡി.ഡി.എഫ്.എസ്. അക്കൗണ്ടിലേക്ക് അയയ്ക്കേണ്ടതാണ്.
- വാർത്താകുറിപ്പിലെ സംശയനിവാരണത്തിന് പലപ്പോഴും ബുദ്ധിമുട്ട് നേരിടാറുള്ളതിനാൽ, വാർത്താക്കുറിപ്പ് നൽകുമ്പോൾ വിഷയവുമായി ബന്ധപ്പെട്ട ജീവനക്കാരൻറെ ഫോൺ നമ്പർ കൂടി വാർത്താകുറിപ്പിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഒപ്പ്

**പ്രേംകുമാർ ആർ**
അസിസ്റ്റൻ്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. എല്ലാ സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലർ /പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷാ/ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി.
6. സ്റ്റോക്ക് ഫയൽ/ഫയൽകോപ്പി/നോട്ടീസ് ബോർഡ്